**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **18-09-2025 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | ഓരോ ഉന്നതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം വീതം പൂർത്തിയാക്കിയിട്ടുണ്ട്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളത്; ഏതെങ്കിലും പ്രവൃത്തികളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കളത്തിൽ ചാലയ്ക്കൽ നഗർ, ചൊവ്വാണ പട്ടികജാതി നഗർ ,അമ്പലപ്പറമ്പ് പട്ടികജാതി നഗർ എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടിയിൽ പറമ്പ്, കല്ലറാംകുന്ന് പട്ടികജാതി നഗറുകളിൽ 40% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>പട്ടിയിൽ പറമ്പ് നഗറിൽ സ്വകാര്യ കിണർ 6 എണ്ണം, കുടിവെള്ള പദ്ധതി ,ഡ്രൈനേജ് പിറ്റ്, ഇലക്ട്രിക്ക് പോസ്റ്റ് റീ പ്ലേസ്മെന്റ് എന്നിവ പൂർത്തീകരിയ്ക്കാനുണ്ട്.<br><br>കല്ലറാംകുന്ന് നഗറിൽ സാനിട്ടേഷൻ, പൊതു കിണർ നവീകരണം, സോളാർ മിനിമാസ്റ്റ്,ഭവന പുനരുദ്ധാരണം 20 എണ്ണം, കമ്മ്യൂണിറ്റി ഹാൾ, ശ്മശാനം നവീകരണം 20% എന്നിവ പൂർത്തീകരിയ്ക്കാനുണ്ട്. |
| (സി) | മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പദ്ധതിയുടെ മാനദണ്ഡപ്രകാരം അംബേദ്കർ ഗ്രാമമായി ഉയർത്താൻ അർഹതയുള്ളതുമായ ഉന്നതികൾ ഏതെല്ലാം; മുൻഗണനാ ക്രമമനുസരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ? | (സി) | വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| ക്രമ നം. | ഗ്രാമത്തിന്റെ പേര് | ഏജൻസി | പ്രവൃത്തികളുടെ നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കളത്തിൽ ചാലയ്ക്കൽ പട്ടികജാതി നഗർ | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | പൂർത്തീകരിച്ചു. |
| 2 | ചൊവ്വാണ പട്ടികജാതി നഗർ | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | പൂർത്തീകരിച്ചു. |
| 3 | അമ്പലപ്പറമ്പ് പട്ടികജാതി നഗർ | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | പൂർത്തീകരിച്ചു. |
| 4 | പട്ടിയിൽ പറമ്പ് പട്ടികജാതി നഗർ | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 40%പൂർത്തീകരിച്ചു.<br>സ്വകാര്യ കിണർ 7/13 എണ്ണം പൂർത്തിയായി.<br>കുടിവെള്ള പദ്ധതി ,<br>ഡ്രൈനേജ് പിറ്റ്,<br>ഇലക്ട്രിക്ക് പോസ്റ്റ് റീ പ്ലേസ്മെന്റ് എന്നിവ പൂർത്തീകരിയ്ക്കാനുണ്ട് |
| 5 | കല്ലറാംകുന്ന് പട്ടികജാതി നഗർ | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 40%പൂർത്തീകരിച്ചു.<br>സാനിട്ടേഷൻ,<br>പൊതു കിണർ നവീകരണം,<br>സോളാർ മിനിമാസ്റ്റ്,<br>ഭവന പുനരുദ്ധാരണം -18/38 പൂർത്തിയായി.<br>കമ്മ്യൂണിറ്റി ഹാൾ, ശ്മശാനം നവീകരണം 20% .എന്നിവ പൂർത്തീകരിയ്ക്കാനുണ്ട് |

<u>അനുബന്ധം 2</u>

| ക്രമ നം. | നഗറിന്റെ പേര് | ഗ്രാമപഞ്ചായത്ത്. |
|---|---|---|
| 1 | മുണ്ടുമ്മൽ നഗർ | മൂർക്കനാട് |
| 2 | കലകപ്പാറ നഗർ | പുഴക്കാട്ടിരി |
| 3 | ചെറുകുന്നത്ത് നഗർ | പുഴക്കാട്ടിരി |
| 4 | കരിമ്പനക്കുണ്ട് നഗർ | മങ്കട |